(ബി) ഉണ്ടെങ്കിൽ അതു് കേന്ദ്രത്തിലേക്കു് അയച്ചുകഴിഞ്ഞോ?

(സി) ഈ ഡ്രാഫ്റ്റ് പ്ലാൻ ഏതു തരത്തിലാണു്? ആരുടെയെല്ലാം നിർദ്ദേശങ്ങളും സ്വീകരിച്ചാണു് രൂപീകരിച്ചിട്ടുള്ളതു്?

(ഡി) ഓരോ നിയോജകമണ്ഡലത്തിലേയും എം. എൽ. എ. മാരുടേയും, എം. പി. മാരുടേയും നിർദ്ദേശം അതതു നിയോജകമണ്ഡലത്തിലെ പദ്ധതി രൂപവൽക്കരണത്തിനു് ആരാഞ്ഞിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പൂർത്തിയായി.

(ബി) അയച്ചുകഴിഞ്ഞു.

(സി) വകുപ്പു് മേലദ്ധ്യക്ഷന്മാരുടെ സ്വപാർശ അനുസരിച്ചു് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളേയും, ഡിസ്ട്രിക്ട് ഡവലപ്പുമെൻറ് കമ്മിറ്റിയുടെ സ്വപാർശ ങ്ങളേയും, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളേയും പ്ലാനിംഗ് അഡ്വൈസറി ബോർഡിന്റെ തീരുമാനങ്ങളേയും അടിസ്ഥാനമാക്കിയാണു് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളതു്.

(ഡി) എം. എൽ. എ. മാർ, എം. പി. മാർ മറ്റു പൊതുപ്രവർത്തകന്മാർ ഇവർ ഉൾപ്പെട്ട താലൂക്കു് കമ്മിറ്റികളും ഡിസ്ട്രിക്റ്റ് കമ്മിറ്റികളും സ്റ്റേറ്റ് ബോർഡും ഓരോ മണ്ഡലത്തിലും വേണ്ട പ്ലാനിനെപ്പറ്റി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

മിനിമംവേജ്

*729. [18] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മിനിമംവേജ് ആവശ്യപ്പെടുന്നതുകൊണ്ടു് തൊഴിലില്ലായ്മ തീർന്ന കയറ്റത്തൊഴിലാളികളുടെ റിലീഫിനുവേണ്ടി സർക്കാർ എന്തു നടപടി നടത്തി;

(ബി) റിലീഫിനുവേണ്ടി ഈ സഭ പാസാക്കിയ 15 ലക്ഷം രൂപ വിനിയോഗിക്കാൻ തയ്യാറാകാത്തതെന്തു്;

(സി) ഈ തുക പ്രയോജനകരമായ നിലയിൽ തൊഴിലാളികൾക്കുവേണ്ടി ചെലവഴിക്കാൻ സർക്കാരിനെ ഉപദേശിക്കാൻ ഒരു കമ്മറ്റിയെ നിയമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമംവേജസ് ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു നൽകിയിട്ടുണ്ടു്. കൂടാതെ മിനിമംവേജസിൽ കുറഞ്ഞകൂലി നൽകുന്നതു സംബന്ധിച്ചു പരാതികൾ കേട്ടു തീരുമാനിക്കുന്നതിനു എല്ലാ ജില്ലാകളക്ടന്മാരേയും "ക്ലെയിംസ് അതാറിട്ടി"കളായി പ്രഖ്യാപിക്കുകയും ചെയ്തു. മിനിമംവേജസ് ആവശ്യപ്പെടുന്നതുകൊണ്ടു് തൊഴിലില്ലായ്മ തീർന്ന കയറ്റത്തൊഴിലാളികളുടെ റിലീഫിനുവേണ്ടി പ്രത്യേകമായി ഒന്നും ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർതൊഴിലാളികളുടെ റിലീഫിനുവേണ്ടി പാസാക്കിയ തുക എങ്ങിനെ പ്രയോജനകരമായ രീതിയിൽ വിനിയോഗിക്കാമെന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

(സി) പ്രസ്തുത തുകയുടെ വിനിയോഗത്തിൽ ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കുന്ന കാര്യവും ആലോചനയിലിരിക്കുകയാണ്.

ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള എം. എൽ. എ. മാർ.

* 730. [19] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ള എം. എൽ. എ. മാർ എത്ര;

(ബി) ആരെല്ലാം?

(സി) കേസിന്റെ സ്വഭാവമെന്ത്;

(ഡി) അവരുടെ പേരിലുള്ള കേസുകൾ പിൻവലിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 20. (ഇരുപതു)

(ബി)
1. ശ്രീ. ശ്രീധരൻ
2. ,, വിവേകാനന്ദൻ
3. ,, യു. നീലകണ്ഠൻ
4. ,, ആർ. ബാലകൃഷ്ണപിള്ള
5. ,, എൻ. എൻ. പണ്ടാരത്തിൽ
6. ,, ടി. ടി. ഡാനിയൽ
7. ,, എ. എം. സൈമൺ
8. ,, എ. കുഞ്ഞൻനാടാർ
9. ,, താണുലിംഗനാടാർ
10. ,, വില്യം
11. ,, പി. രാമസ്വാമിപ്പിള്ള
12. ,, നൂർമുഹമ്മദ്
13. ,, അനന്തരാമൻ
14. ,, പൊന്നപ്പനാടാർ
15. ,, ജീവാനന്ദം (മദ്രാസ് നിയമസഭാ മെമ്പർ)
16. ,, പി. ആർ. മാധവൻപിള്ള
17. ,, കുഞ്ഞച്ചൻ
18. ,, ചട്ടനാഥ കരയാളർ
19. ശ്രീമതി കെ. ആർ. ഗൗരി
20. ശ്രീ. കെ. എ. ബാലൻ

(സി) † ചേർത്തിട്ടുള്ള കുറിപ്പ് നോക്കുക.

(ഡി) നാലു കേസുകൾ പിൻവലിക്കാൻ ഗവണ്മെൻറ് ഉത്തരവായിട്ടുണ്ട്. † (ചേർത്തിട്ടുള്ള കുറിപ്പ് നോക്കുക.)

† Please See Appendices IV & V.

LIBRARY ARCHIVES Kerala Legislative Assembly